**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 370** **28.11.2018 -ൽ മറുപടിക്ക്.**

**പോർട്ട് സംവിധാനത്തിലൂടെ റേഷൻകട മാറ്റം**

ചോദ്യം

**ശ്രീ.സി. ദിവാകരൻ**

മറുപടി

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ)** സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പൂർത്തീകരിക്കാനുള്ളവയുടെ വിശദാംശം നൽകുമോ;

**(എ)** സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു.

**(ബി)** കാർഡ് ഉടമകൾക്ക് ഇഷ്ടമുള്ള റേഷൻകട തിരഞ്ഞെടുക്കാനുള്ള പോർട്ട് സംവിധാനത്തിലൂടെ നാളിതുവരെ എത്ര പേർ കട മാറിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്ത മാക്കുമോ;

**(ബി)** 2018 ഒക്ടോബർ മാസത്തിൽ പോർട്ടബിലിറ്റി സംവിധാനം മുഖേന റേഷൻ വാങ്ങിയവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 140366 |
| 2 | കൊല്ലം | 85710 |
| 3 | പത്തനംതിട്ട | 34848 |
| 4 | ആലപ്പുഴ | 53936 |
| 5 | കോട്ടയം | 46871 |
| 6 | ഇടുക്കി | 28346 |
| 7 | എറണാകുളം | 76442 |
| 8 | തൃശ്ശൂർ | 72581 |
| 9 | പാലക്കാട് | 42528 |
| 10 | മലപ്പുറം | 56208 |
| 11 | കോഴിക്കോട് | 77563 |
| 12 | വയനാട് | 21471 |
| 13 | കണ്ണൂർ | 51713 |
| 14 | കാസർഗോഡ് | 28501 |
| | ആകെ | 817084 |

| | |
|---|---|
| **(സി)** ഇന്റർനെറ്റ് സംവിധാനത്തിലും, ഇ-പോസ് മെഷീനുകളിലും തകരാറുകൾ സംഭവിക്കുമ്പോൾ റേഷൻ വിതരണത്തിനായി എന്തെല്ലാം ബദൽ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | **(സി)** സംസ്ഥാന ഐ.ടി മിഷന്റെ ക്ലൗഡ് സെർവറുകളുടെ സേവനം പ്രയോജനപ്പെടുത്തി വന്നിരുന്ന സമയത്ത് കണക്റ്റിവിറ്റി തകരാറുകൾ സംഭവിക്കുകയും ആയത് കണ്ടെത്തി അപ്പപ്പോൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2018 നവംബർ മാസം മുതൽ സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തന ശേഷിയുള്ള സെർവറുകളിലേക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കൂടാതെ ഓരോ ഇ-പോസ് മെഷീനിലും രണ്ടു സിം ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. മേൽ സംവിധാനങ്ങൾ തകരാറായാൽ ഫോണിൽ വരുന്ന OTP വഴി റേഷൻവിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

***സെക്ഷൻ ഓഫീസർ***